"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- കോഴിക്കോട് ജില്ലയിലെ, പെരുമണ്ണ എ.എൽ.പി സ്കൂളിലെ ഫുൾടൈം അറബിക് അദ്ധ്യാപികയായ ശ്രീമതി റസിയ പി.കെ സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിച്ച് തീർപ്പാക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എസ് സി)വകുപ്പ്**

സ.ഉ.(സാധാ) നം.5457/2021/പൊ.വി.വ തീയതി,തിരുവനന്തപുരം, 26/11/2021

---

പരാമർശം:-
1 കോഴിക്കോട് റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 03/01/2012 ലെ നടപടി ക്രമം
2. ശ്രീമതി റസിയ പി.കെ സമർപ്പിച്ച റിവിഷൻ ഹർജി

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ, പെരുമണ്ണ എ.എൽ.പി സ്കൂളിലെ ഫുൾടൈം അറബിക് അദ്ധ്യാപികയായ ശ്രീമതി റസിയ പി.കെ യുടെ ഫുൾടൈം അറബി തസ്തികയിലെ നിയമനം 06/06/2008 മുതൽ അംഗീകരിക്കുന്നതിന് കോഴിക്കോട് റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം കൊടുക്കണമെന്ന ആവശ്യവുമായി പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു..

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.പരാമർശം 1 പ്രകാരം കോഴിക്കോട് ജില്ലയിലെ, പെരുമണ്ണ എ.എൽ.പി സ്കൂളിലെ ഫുൾടൈം അറബിക് അദ്ധ്യാപികയായ ശ്രീമതി റസിയ പി.കെ സമർപ്പിച്ച റിവിഷൻ ഹർജി പരിശോധിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,തിരുവനന്തപുരം
ഉപ വിദ്യാഭ്യാസ ഡയറക്ടർ, കോഴിക്കോട്.
റൂറൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോഴിക്കോട്
ശ്രീമതി റസിയ പി.കെ ഫുൾടൈം അറബിക് അദ്ധ്യാപിക പെരുമണ്ണ എ.എൽ.പി സ്കൂൾ,കോഴിക്കോട് ജില്ല
മാനേജർ/ഹെഡ്മാസ്റ്റർ,പെരുമണ്ണ എ.എൽ.പി സ്കൂൾ,കോഴിക്കോട് ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്),തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ),തിരുവനന്തപുരം
വെബ് &ന്യൂ മീഡിയ(പ്രസിദ്ധീകരണ വിഭാഗം)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ